# പ്രധാനമന്ത്രി ജോഹന്നാസ്ബർഗിൽ G20 ഉച്ചകോടിയിൽ പങ്കെടുത്തു

നവംബർ 22, 2025

ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസ ആതിഥേയത്വം വഹിച്ച G20 നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്നു പങ്കെടുത്തു. ഇത് പ്രധാനമന്ത്രിയുടെ 12-ാമത് G20 ഉച്ചകോടി പങ്കാളിത്തമായിരുന്നു. ഉച്ചകോടിയുടെ ഉദ്ഘാടനദിനത്തിലെ രണ്ടു സെഷനെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ആതിഥേയത്വം വഹിച്ചതിനും ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിനും പ്രസിഡന്റ് റമഫോസയ്ക്ക് അദ്ദേഹം നന്ദി പറഞ്ഞു.

2. "ആരേയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിരവുമായ സാമ്പത്തിക വളർച്ച" എന്ന വിഷയത്തിൽ നടന്ന ഉദ്ഘാടന സെഷനെ അഭിസംബോധന ചെയ്തുകൊണ്ട് നൈപുണ്യം അടിസ്ഥാനമാക്കിയുള്ള കുടിയേറ്റം, വിനോദസഞ്ചാരം, ഭക്ഷ്യ സുരക്ഷ, AI, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, നൂതനാശയാവിഷ്കാരം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളിൽ ദക്ഷിണാഫ്രിക്കയുടെ അധ്യക്ഷതയ്ക്ക് കീഴിൽ ഗ്രൂപ്പ് നടത്തിയ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഈ പ്രക്രിയയിൽ, ന്യൂഡൽഹി ഉച്ചകോടിയിൽ എടുത്ത ചില ചരിത്രപരമായ തീരുമാനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. G20 ഉച്ചകോടി ഇതാദ്യമായി ആഫ്രിക്കയിൽ നടക്കുമ്പോൾ, വളർച്ചയിലെ അസന്തുലിതാവസ്ഥയും പ്രകൃതിയുടെ അമിതമായ ചൂഷണവും പരിഹരിക്കുന്ന പുതിയ വികസന മാനദണ്ഡങ്ങൾ പരിഗണിക്കേണ്ട സമയമായി ഇതിനെ കാണണമെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ഈ സാഹചര്യത്തിൽ, ഇന്ത്യയുടെ നാഗരിക ജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള "സമഗ്ര മാനവികത" എന്ന ആശയം പര്യവേക്ഷണം ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മനുഷ്യരെയും സമൂഹത്തെയും പ്രകൃതിയെയും കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാടാണ് സമഗ്ര മാനവികതയെന്നും അതുവഴി, പുരോഗതിയും ഭൂമിയും തമ്മിലുള്ള ഐക്യം കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം വിശദീകരിച്ചു.

3. ഏവരുടെയും വളർച്ച, വികസനം, ക്ഷേമം എന്നിവയോടുള്ള ഇന്ത്യയുടെ സമീപനം വിശദീകരിച്ച പ്രധാനമന്ത്രി
G20 പരിഗണിക്കേണ്ട ആറ് ആശയങ്ങൾ മുന്നോട്ടുവച്ചു. അവ ഇനിപ്പറയുന്നു:

* ഒരു G20 ആഗോള പരമ്പരാഗത വിജ്ഞാനശേഖരം സൃഷ്ടിക്കൽ: ഭാവി തലമുറയുടെ പ്രയോജനത്തിനായി ഇത് മനുഷ്യരാശിയുടെ കൂട്ടായ ജ്ഞാനം ഉപയോഗിക്കും.

* ഒരു G20 ആഫ്രിക്ക നൈപുണ്യവർധക സംവിധാനം രൂപപ്പെടുത്തൽ: ആഫ്രിക്കയിലെ യുവജനങ്ങൾക്കു വൈദഗ്ധ്യമേകുന്നതിനായി ദശലക്ഷം അംഗീകൃത പരിശീലകരുടെ കൂട്ടായ്മ സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതു പ്രാദേശികമായ ശേഷി വർധിപ്പിക്കുകയും ഭൂഖണ്ഡത്തിലെ ദീർഘകാല വികസനം പരിപോഷിപ്പിക്കുകയും ചെയ്യും

* ഒരു G20 ആഗോള ആരോഗ്യസംരക്ഷണ പ്രതികരണ സംഘം സൃഷ്ടിക്കൽ: ഇതിൽ G20 രാജ്യങ്ങളിൽ നിന്നുള്ള ആരോഗ്യസംരക്ഷണ വിദഗ്ധരെ ഉൾപ്പെടുത്തുകയും അവരെ ആരോഗ്യരംഗത്ത് വെല്ലുവിളികൾ നേരിടുന്ന ലോകത്തിന്റെ ഏത് ഭാഗത്തേക്കും വിന്യസിക്കുകയും ചെയ്യുന്നു.

* ഒരു G20 ഓപ്പൺ സാറ്റലൈറ്റ് ഡാറ്റ പങ്കാളിത്തം സ്ഥാപിക്കൽ: G-20 ബഹിരാകാശ ഏജൻസികളുടെ ഉപഗ്രഹ ഡാറ്റ ഈ പദ്ധതിയിലൂടെ കൃഷി, മത്സ്യബന്ധനം, ദുരന്തനിവാരണം എന്നിവയ്ക്കായി വികസ്വര രാജ്യങ്ങൾക്ക് ലഭ്യമാക്കും.

* G20 നിർണ്ണായക ധാതുക്കളുടെ സർക്കുലേറ്ററി സംരംഭം സൃഷ്ടിക്കൽ: ഈ സംരംഭം പുനരുപയോഗം, നഗരത്തിലെ ഖനനം, സെക്കൻഡ്-ലൈഫ് ബാറ്ററി പദ്ധതികൾ, വിവിധ നൂതനാശയങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും വിതരണശൃംഖലയുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും വികസനത്തിന്റെ സംശുദ്ധ പാതകൾ വികസിപ്പിക്കുന്നതിനും സഹായിക്കും.

* മയക്കുമരുന്ന്-ഭീകരവാദ ബന്ധത്തെ നേരിടുന്നതിന് ഒരു G20 സംരംഭം സൃഷ്ടിക്കൽ: ഇത് മയക്കുമരുന്ന് കടത്തുന്നതിനെ നേരിടുകയും മയക്കുമരുന്ന്-ഭീകരവാദ വ്യവസ്ഥിതിയെ തകർക്കുകയും ചെയ്യും.

4. "പുനരുജ്ജീവനശേഷിയുള്ള ലോകം- ദുരന്തസാധ്യത കുറയ്ക്കൽ; കാലാവസ്ഥാ വ്യതിയാനം; നീതിയുക്തമായ ഊർജ്ജ പരിവർത്തനം; ഭക്ഷ്യ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള G20 സംഭാവന എന്ന പ്രമേയത്തിൽ ഒരു സെഷനും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു". ഇന്ത്യ ആരംഭിച്ച ദുരന്തസാധ്യതാ ലഘൂകരണ കർമസമിതി മുന്നോട്ടു കൊണ്ടുപോകുന്നതിനെ അദ്ദേഹം അഭിനന്ദിച്ചു. ഇന്ത്യ രൂപം നൽകിയ ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള കൂട്ടായ്മയിൽ പറയുന്നതുപോലെ, ദുരന്ത നിവാരണത്തിനായുള്ള സമീപനം "പ്രതികരണ കേന്ദ്രീകൃതം" എന്നതിന് പകരം "വികസന കേന്ദ്രീകൃതം" ആയിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭക്ഷ്യസുരക്ഷ ശക്തിപ്പെടുത്തുന്നതിന് കാലാവസ്ഥാ കാര്യപരിപാടിയിൽ കൂടുതൽ കൂട്ടായ നടപടി സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ഈ സന്ദർഭത്തിൽ, പോഷകാഹാര സുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിൽ ചെറുധാന്യങ്ങളുടെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യ അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന കാലയളവിൽ സ്വീകരിച്ച ഭക്ഷ്യസുരക്ഷ സംബന്ധിച്ചുള്ള ഡെക്കാൻ തത്വങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള G20 മാർഗ്ഗരേഖ സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാനമായി അത്തരമൊരു സമീപനം മാറണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വികസ്വര രാജ്യങ്ങൾക്ക് താങ്ങാനാവുന്ന വിലയിൽ ധനസഹായവും സാങ്കേതികവിദ്യയും നൽകുന്നതിനുള്ള കാലാവസ്ഥാ പ്രവർത്തന പ്രതിബദ്ധതകൾ സമയബന്ധിതമായി പാലിക്കാൻ അദ്ദേഹം വികസിത രാജ്യങ്ങളെ ആഹ്വാനം ചെയ്തു.

5. ആഗോള ഭരണനിർവ്വഹണ ഘടനകളിൽ ഗ്ലോബൽ സൗത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിൽ, ന്യൂ ഡൽഹി ഉച്ചകോടിയിൽ ആഫ്രിക്കൻ യൂണിയനെ G20 ലെ സ്ഥിരാംഗമായി ഉൾപ്പെടുത്തിയത് ഒരു പ്രധാന ചുവടുവയ്പ്പാണെന്നും ഈ ഉൾക്കൊള്ളൽ മനോഭാവം G20 യ്ക്കു

പുറത്തേക്കും വ്യാപിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രണ്ട് സെഷനിലെയും പ്രധാനമന്ത്രിയുടെ പൂർണ്ണമായ അഭിസംബോധകൾ ഇവിടെ കാണാം [**Session 1**; **Session 2**]

**ജോഹന്നാസ്ബർഗ്**

**നവംബർ 22, 2025**